**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5398** **21-03-2025 - ൽ മറുപടിയ്ക്ക്**

**പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മുട്ടക്കോഴികളുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | **മുട്ടക്കോഴികളുടേയും കോഴിമുട്ടയുടേയും ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും, കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെയും ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു. കോഴികൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും കൂടും പദ്ധതി തുടങ്ങിയവ കെപ്കോ** |

| | | | |
|---|---|---|---|
| | | | **വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കൂടാതെ, മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതിയും കെപ്കോ നടപ്പിലാക്കുന്നു. മുട്ടക്കോഴി വളർത്തലാണ് ഇന്റഗ്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**<br><br>**മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | കെപ്കോ ആശ്രയ | നിരാശ്രയരായ വിധവകൾക്ക് ഒരു വരുമാന മാർഗ്ഗം കണ്ടെത്താനുള്ള ഒരു ആശ്രയം എന്ന നിലയിലും, വിധവകൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിലും കെപ്കോ നടപ്പിലാക്കുന്ന പദ്ധതിയാണ് കെപ്കോ ആശ്രയ പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോതീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു |
| 2 | കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് | സ്കൂൾ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുക, ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക , വിദ്യാഭ്യാസത്തോടൊപ്പം സാമ്പാദ്യശീലം വളർത്തുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി. സംസ്ഥാനത്തെ ഗവണ്മെന്റ് /എയ്ഡഡ് ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 5 കോഴിയും, 1 കിലോ തീറ്റ, മരുന്ന് എന്നിവയും വിതരണം ചെയ്യുന്നു. |
| 3 | കെപ്കോ വനിതാമിത്രം | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യുണിറ്റുകളിൽപ്പെട്ട വനിതകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു കുടുംബശ്രീ യുണിറ്റിലെ 700 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോതീറ്റ, മരുന്ന് എന്നിവയാണ് നൽകുന്നത്. |

| | | |
|---|---|---|
| 4 | മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി | മുട്ടക്കോഴി വളർത്തൽ മേഖലയിലെ കർഷകർക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാക്കുന്നതിന് കെപ്കോ നടപ്പിലാക്കുന്ന മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി മുഖേന സാധിക്കുന്നു. പരിമിതമായ മൂലധനം മുടക്കി വലിയ നേട്ടമുണ്ടാക്കാൻ പര്യാപ്തമായ ഒരു പദ്ധതിയാണിത്. മുട്ടക്കോഴി വളർത്തലാണ് ഇന്റഗ്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**